വികലാംഗ പെൻഷൻ

52 [1191] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:
,, കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വികലാംഗ ക്ഷേമ പെൻഷൻ വർദ്ധിപ്പിക്കാൻ ഉദ്ദേശമുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

നിലവിൽ വികലാംഗ പെൻഷൻ പ്രതിമാസം 110 രൂപയാണ് നൽകിവരുന്നത്. ഈ തുക 150 രൂപയായി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചതായി ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

വികലാംഗക്ഷേമ കോർപ്പറേഷൻ വഴി നൽകുന്ന ആനുകൂല്യങ്ങൾ

53 [1192] ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
,, കളത്തിൽ അബ്ദുള്ള:
,, ടി. പി. എം. സാഹിർ:
,, ഇസ്ഹാക്ക് കുരിക്കൾ:
,, സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വികലാംഗ ക്ഷേമ കോർപ്പറേഷൻ വഴി നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

വികലാംഗക്ഷേമ കോർപ്പറേഷൻ കേരളത്തിലെ വികലാംഗരായ വ്യക്തികൾക്ക് താഴെ പറയുന്ന സേവനങ്ങൾ/ആനുകൂല്യങ്ങൾ നൽകിവരുന്നു:

(1) അറുപതിനായിരം രൂപവരെ വാർഷികവരുമാനമുള്ള വികലാംഗർക്ക് സഹായ ഉപകരണങ്ങളായ ട്രൈസൈക്കിൾ, വീൽചെയർ, ക്രച്ചസ്, കൃത്രിമ കൈകാലുകൾ, കാലിപ്പർ, ഷൂസ്, ശ്രവണ സഹായി, വൈറ്റ് കെയിൻ, പവർ ഗ്ലാസ്, ബ്രെയിലി സ്ലേറ്റ്, കുടലിൽ ക്യാൻസർ ബാധിച്ചവർക്കുള്ള കൊളോസ്ട്രമി ബാഗ് എന്നിവ സൗജന്യമായി വിതരണം ചെയ്തു വരുന്നു.

(2) വികലാംഗർക്ക് മോട്ടോർ ഘടിപ്പിച്ച ട്രൈസൈക്കിൾ വാങ്ങുന്നതിലേക്കായി 5,000 രൂപ സബ്സിഡി നൽകുന്നു.

(3) വികലാംഗർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി വികലാംഗ ധനകാര്യ കോർപ്പറേഷന്റെ ധനസഹായത്തോടെ 5 ലക്ഷം രൂപവരെ പരമാവധി 6% പലിശ നിരക്കിൽ പരമാവധി 10 വർഷം വരെ നീണ്ടുനിൽക്കുന്ന കാലയളവിലേക്ക് വായ്പയായി നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(4) വികലാംഗർക്ക് സ്വയംതൊഴിലിനായി ബാങ്കുകളിൽനിന്ന് ലഭിക്കുന്ന വായ്പകൾക്ക് 2500 രൂപയിൽ പരിമിതപ്പെടുത്തിക്കൊണ്ട് 40% വരെ സബ്സിഡി നൽകുന്നു.

(5) സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി വൊക്കേഷണൽ റീഹാബിലിറ്റേഷൻ സെന്ററുമായി സഹകരിച്ച് 500 രൂപ പ്രതിമാസ സ്റ്റൈപ്പന്റ് നൽകി വികലാംഗർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നു.

(6) വിവിധ മൽസരപരീക്ഷകളിൽ പങ്കെടുക്കുന്ന വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് വിദഗ്ദ്ധരുടെ കീഴിൽ പ്രത്യേക കോച്ചിംഗ് നൽകുന്നു.

(7) സംസ്ഥാനത്തെ വിവിധ പൊതുമേഖലാ സർക്കാർ സ്ഥാപനങ്ങളിലെ പ്രിന്റിംഗ്, ബുക്ക് ബൈന്റിംഗ്, ഫർണിച്ചർ റിപ്പയർ തുടങ്ങിയ ജോലികൾ കോർപ്പറേഷൻ ഏറ്റെടുത്ത് വികലാംഗരുടെ സഹകരണ സംഘങ്ങൾ മുഖേന ചെയ്യിച്ച് അവർക്ക് തൊഴിൽ അവസരം ഉണ്ടാക്കിക്കൊടുക്കുന്നു.

(8) വികലാംഗരുടെ സ്വാശ്രയ സംഘങ്ങൾക്ക് ദേശീയ വികലാംഗ ധനകാര്യ വികസന കോർപ്പറേഷന്റെ ധനസഹായത്തോടെ അഞ്ചു ലക്ഷം രൂപ വരെ വായ്പ നൽകുന്ന പദ്ധതി നടപ്പാക്കിവരുന്നു.

(9) എസ്. എസ്. എൽ. സി. പരീക്ഷയിൽ ഓരോ ജില്ലയിലും ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന വികലാംഗരായ 42 വിദ്യാർത്ഥികൾക്ക് 2500 രൂപ വീതം ക്യാഷ് അവാർഡ് നൽകിവരുന്നു.

വികലാംഗരായ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി

54 [1193] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗരായ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുവേണ്ടി വല്ല നടപടിയും ഗവൺമെന്റ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(ബി) വികലാംഗർക്ക് ഇപ്പോൾ നൽകിവരുന്ന പെൻഷൻ തുക വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(സി) ലോകവികലാംഗ ദിനത്തോടനുബന്ധിച്ച് വികലാംഗരുടെ ക്ഷേമത്തിനുവേണ്ടി വല്ല പദ്ധതിയും പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly